# രാജ്യാന്തര പദ്ധതി കേരള ടൂറിസത്തിനു വൻ നേട്ടമാകും

പി. കിഷോർ

തിരുവനന്തപുരം: യുനെസ്കോ കേരളത്തിൽ സ്പൈസസ് റൂട്ട് എന്ന പേരിൽ പുതിയ ടൂറിസം സർക്യൂട്ടിനു താൽപര്യം പ്രകടിപ്പിക്കുന്നു. യുനെസ്കോ പ്രതിനിധി ധനമന്ത്രി തോമസ് ഐസക്കിനോട് ആശയം വ്യക്തമാക്കുകയും അദ്ദേഹം ഈ പദ്ധതിക്കായി ബജറ്റിൽ വിഹിതം നീക്കിവയ്ക്കുകയുമായിരുന്നു. പ്രാരംഭ പ്രവർത്തനത്തിന് അഞ്ചു കോടിയാണു വച്ചിട്ടുള്ളത്.

കേരളത്തിലെ മലബാർ, കൊച്ചി, തിരുവിതാംകൂർ വിഭാഗങ്ങൾ മാത്രമല്ല അനവധി വിദേശ രാജ്യങ്ങളും സ്പൈസസ് റൂട്ടിൽ ഉൾപ്പെടുമെന്നതാണു പ്രത്യേകത. പണ്ടു സുഗന്ധദ്രവ്യങ്ങൾ തേടി കേരളത്തിൽ വന്ന രാജ്യങ്ങളെല്ലാം പദ്ധതിയിൽ പങ്കാളികളാകും. അവരിൽ അറബികളും ചൈനക്കാരും റോമക്കാരും പറങ്കികളും ഡച്ചുകാരും ഫ്രഞ്ച്, ബ്രിട്ടീഷുകാരും മറ്റുമുണ്ട്. അതിനാൽ മാർച്ചിൽ സംസ്ഥാന ടൂറിസം അധികൃതരും ധനമന്ത്രി തോമസ് ഐസക്കും ചൈന, പോർച്ചുഗൽ, ഫ്രാൻസ്, ബ്രിട്ടൻ, നെതർലാൻഡ്സ്, ഈജിപ്റ്റ് തുടങ്ങിയ രാജ്യങ്ങളുടെ അംബാസഡർമാരുമായി ഡൽഹിയിൽ യുനെസ്കോ ചർച്ച സംഘടിപ്പിച്ചിരിക്കുകയാണ്.

കേരള ടൂറിസത്തിനു രാജ്യാന്തര തലത്തിൽ വൻ അംഗീകാരവും പ്രശസ്തിയും സ്പൈസസ് റൂട്ട് കൊണ്ടുവരും. യുനെസ്കോ നേരിട്ട് ആശയം തന്നു വികസിപ്പിക്കുന്ന ആദ്യ പദ്ധതിയുമാണിത്. സിൽക്ക് റൂട്ട് എന്ന പേരിൽ ചൈന മുതൽ യൂറോപ്പ് വരെ നീളുന്ന വൻ ടൂറിസ്റ്റ് ശൃംഖല പോലെ മറ്റൊന്നാണിത്. സിൽക്കിനു പകരം സ്പൈസ് ആണെന്നു മാത്രം.

കൊടുങ്ങല്ലൂരിലെ മുസിരിസ് പൈതൃക പദ്ധതിക്കു ലഭിച്ചിരിക്കുന്ന അംഗീകാരവും സ്പൈസസ് റൂട്ടിനു പ്രചോദനമായിട്ടുണ്ട്. മുസിരിസും വടകരയിലെ പന്തലായിനി കടപ്പുറവുമായിരുന്നു പുരാതനകാലത്തു സുഗന്ധ ദ്രവ്യങ്ങളുടെ കയറ്റുമതി കേന്ദ്രങ്ങൾ. പിന്നീടു കോഴിക്കോട്ടു വാസ്കോഡ ഗാമ വന്നു. ഫോർട്ട് കൊച്ചിയിൽ പോർച്ചുഗീസുകാരും ഡച്ചുകാരും തമ്മിൽ സുഗന്ധ വ്യഞ്ജന വിപണിക്കു വേണ്ടി യുദ്ധമായി. അഞ്ചുതെങ്ങിലെ ഡച്ച് കോട്ടയും ഗോഡൗണും തലശേരിയിലും മാഹിയിലുമുള്ള ഫ്രഞ്ച്–ബ്രിട്ടീഷ് സാന്നിധ്യവും ഇതിന്റെ ഭാഗമാണ്.



സ്പൈസസ് റൂട്ട് പ്രശസ്തമായാൽ കേരള ടൂറിസത്തിന് അനന്ത സാധ്യതകളാണു തുറക്കുകയെന്നു ടൂർ ഓപ്പറേറ്റർമാർ ചൂണ്ടിക്കാട്ടുന്നു. ഫോർട്ട്–കൊച്ചിയും മട്ടാഞ്ചേരിയും ഡച്ച് കൊട്ടാരവും മറ്റും ഇപ്പോൾ തന്നെ പ്രസിദ്ധമാണ്. അതിനൊപ്പം അഞ്ചുതെങ്ങും മുസിരിസും കോഴിക്കോടും ബേക്കലും കണ്ണൂരും തലശേരിയും കൊല്ലവും ആലപ്പുഴയും വരും. ബജറ്റിൽ ഈ സ്ഥലങ്ങൾക്കു പുറമെ പൊന്നാനി, പരപ്പനങ്ങാടി, ബേപ്പൂർ, പന്തലായനി, ബേക്കൽ തുടങ്ങിയ സ്ഥലങ്ങളും പറയുന്നുണ്ട്.

ടൂറിസ്റ്റുകൾക്ക് അനേകം കാഴ്ചകളൊരുക്കാൻ കഴിയും. തേക്കടിയിലെ ഏലത്തോട്ടങ്ങൾ, തലശേരിയിലെ കരയാംപട്ട തോട്ടങ്ങൾ, കരുമുളക്, ഗ്രാമ്പൂ തോട്ടങ്ങളൊക്കെ സ്പൈസസ് റൂട്ടിൽ വരും. മട്ടാഞ്ചേരി സ്പൈസസ് റൂട്ടിലെ പ്രധാന കേന്ദ്രമാകും. സ്പൈസസ് റൂട്ട് അനുഭവത്തിനായി വരുന്ന ടൂറിസ്റ്റുകൾക്കു സുഗന്ധ വ്യഞ്ജനങ്ങൾ വിൽക്കാം. ഇവയ്ക്കു പുതിയ വിപണികൾ തുറക്കാനും ഇടവരും.

അഞ്ചുതെങ്ങ്, ബേക്കൽ, കണ്ണൂർ കോട്ടകളും പായ്ക്കപ്പലുകൾ അടുത്തിരുന്ന കടപ്പുറങ്ങളും ആകർഷണകേന്ദ്രങ്ങളാവും. ബേപ്പൂരിൽ പഴയകാല പത്തേമാരികൾ കടപ്പുറങ്ങളിൽ പുനഃസൃഷ്ടിക്കാം. സ്പൈസസ് റൂട്ടിന്റെ ഭാഗമായ, ഇപ്പോൾ ടൂറിസം കേന്ദ്രങ്ങളല്ലാത്ത സ്ഥലങ്ങളിലും ഹോട്ടലുകളും റിസോർട്ടുകൾക്കും സാധ്യത വരും.

പക്ഷേ അതിനു മുൻപു സുഗന്ധ വ്യഞ്ജന വ്യാപാരം സംബന്ധിച്ച മ്യൂസിയങ്ങൾ ഒരുക്കണമെന്നു ടൂറിസം സെക്രട്ടറി ഡോ. വി. വേണു ചൂണ്ടിക്കാട്ടി. പുരാവസ്തു ഖനനം ചിലയിടങ്ങളിൽ വേണ്ടിവരും. റോഡുകൾ വികസിപ്പിക്കണം.

രാജ്യാന്തര തലത്തിൽ പോർച്ചുഗൽ സ്പൈസസ് റൂട്ടിലെ പ്രധാന കേന്ദ്രമാണ്. ലിസ്ബണിൽ അവരുടെ കടൽ യാത്രകളെക്കുറിച്ചുള്ള മ്യൂസിയമുണ്ട്. യുനെസ്കോയുടെ സഹായം തുടക്കത്തിൽ തന്നെ ഉള്ളതിനാൽ കേരളത്തിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഫണ്ടിനു പഞ്ഞമുണ്ടാവില്ല. കേരള ടൂറിസത്തിനു വലിയൊരു 'ബ്രേക്ക്ത്രൂ' ആയി മാറാവുന്ന പദ്ധതിയാണിത്..